പത്രക്കുറിപ്പ്
29.09.2018

### കേരളത്തിന്റെ പുനരുദ്ധാരണത്തിനായി 'നവകേരളം' സംസ്ഥാന ഭാഗ്യക്കുറികൾ:

## കുടുംബശ്രീ വനിതകൾ മുഖേന വിറ്റഴിച്ചത് ഏഴുകോടി രൂപയുടെ ടിക്കറ്റ്

തിരുവനന്തപുരം: പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കേരളത്തിന്റെ പുനരുദ്ധാരണത്തിനുമായി അധിക തുക സമാഹരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ആരംഭിച്ച 'നവകേരള ഭാഗ്യക്കുറി' വിൽപന കുടുംബശ്രീ വനിതകൾ മുഖേന ഊർജിതമാകുന്നു. ഇതുവരെ ഏഴു കോടി രൂപയുടെ ടിക്കറ്റുകളാണ് വിറ്റഴിച്ചത്. ഒക്ടോബർ മൂന്നിനാണ് നറുക്കെടുപ്പ്. അതിനുള്ളിൽ പരമാവധി ടിക്കറ്റുകൾ വിറ്റഴിച്ചുകൊണ്ട് ദുരിതാശ്വാസ നിധിയിലേക്ക് കൂടുതൽ തുക സമാഹരിക്കുന്നതിനെ സഹായിക്കുന്നതിനാണ് കുടുംബശ്രീയുടെ ശ്രമങ്ങൾ.

ആകെ 90 ലക്ഷം ടിക്കറ്റുകൾ വിൽക്കുന്നതിനാണ് ഭാഗ്യക്കുറി വകുപ്പ് ലക്ഷ്യമിടുന്നത്. ഒന്നാം സമ്മാനം ഒരു ലക്ഷം രൂപ വീതം തൊണ്ണൂറ് പേർക്ക് ലഭിക്കും. കൂടാതെ രണ്ടാം സമ്മാനമായി അയ്യായിരം രൂപ വീതം ഒരുലക്ഷത്തി എണ്ണൂറ് പേർക്കും ലഭിക്കും. ഭാഗ്യക്കുറി വിൽപനയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെയുള്ള 1064 കുടുംബശ്രീ സി.ഡി.എസുകളിൽ 1021 സി.ഡി.എസുകളും കാഷ്വൽ ഏജൻസിയെടുത്തിരുന്നു. ഇതുവഴി 13673 കുടുംബശ്രീ വനിതാ ഏജന്റ്മാർ ടിക്കറ്റ് വിൽപനയുമായി മുന്നേറുകയാണ്. ഇതുവരെ 280000 ടിക്കറ്റുകളാണ് ഇവർ മുഖേന വിറ്റഴിച്ചത്. ലോട്ടറി വിൽപന ഊർജിതമാക്കുന്നതിന്റെ ഭാഗമായി അതിന്റെ പ്രചരണാർത്ഥം കുടുംബശ്രീയുടെ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീയിലെ അംഗങ്ങൾ എല്ലാ ജില്ലകളിലും എട്ടുകേന്ദ്രങ്ങളിലായി തെരുവുനാടകങ്ങൾ അവതരിപ്പിച്ചു വരികയാണ്.

കുടുംബശ്രീ സി.ഡി.എസുകൾക്ക് കാഷ്വൽ ഏജൻസി എടുത്ത് നവകേരളം ഭാഗ്യക്കുറി വിൽക്കുന്നതിനായി സർക്കാർ അവസരം നൽകിയതിനെ തുടർന്ന് നിരവധി സി.ഡി.എസുകളണ് മുന്നോട്ടു വന്നത്. ഇപ്പോഴും സി.ഡി.എസുകൾ ഏജൻസിയെടുക്കാൻ തയ്യാറായി വരുന്നുണ്ട്. സി.ഡി.എസുകളെ കൂടാതെ കുടുംബശ്രീയുടെ പിന്തുണാ സംവിധാനങ്ങളായ കാസ്, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ, വിവിധ പരിശീലന ഗ്രൂപ്പുകൾ എന്നിവരും കാഷ്വൽ ഏജൻസി എടുത്ത് ടിക്കറ്റ് വിൽപന രംഗത്ത് സജീവമായിട്ടുണ്ട്. പദ്ധതി ഊർജിതമാക്കുന്നതിന്റെ ഭാഗമായി ഭാഗ്യക്കുറി വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിലും നിന്നുള്ള കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളിലെ ഒരാളെ വീതം ഉൾപ്പെടുത്തി പരിശീലനവും നൽകിയിരുന്നു.

ടിക്കറ്റ് ഒന്നിന് 250/- രൂപയാണ് വില. പത്തു ടിക്കറ്റുകളുള്ള ഒരു ബുക്ക് വാങ്ങുമ്പോൾ 1943/- രൂപ നൽകിയാൽ മതിയാകും. താൽപര്യമുള്ള ഏതൊരു കുടുംബശ്രീ വനിതയ്ക്കും സി.ഡി.എസുകൾ മുഖേന നവകേരള ലോട്ടറി വാങ്ങി വിൽക്കാൻ കഴിയും. ആകർഷകമായ

കമ്മീഷനുമുണ്ട്. പത്ത് ടിക്കറ്റുകൾ വിൽക്കുമ്പോൾ ഏജന്റിന് 557 രൂപ കമ്മീഷനായി ലഭിക്കും. കൂടാതെ സമ്മാനാർഹമായ ടിക്കറ്റുകളുടെ പ്രൈസ് മണിയുടെ പത്ത് ശതമാനം ഏജൻസി പ്രൈസായി സി.ഡി.എസിനും ബാക്കി തുക ഏജന്റിനും ലഭിക്കും.

സർക്കാരിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെയുള്ള അയൽക്കൂട്ട വനിതകളിൽ നിന്നു സമാഹരിച്ച ഏഴു കോടി രൂപ കഴിഞ്ഞ മാസം 29ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ